**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2109</u> <u>06.02.2019 ൽ മറുപടിക്ക്</u>

## വൈക്കം നിയോജക മണ്ഡലത്തിലെ ആരോഗ്യമേഖലാ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി സി.കെ. ആശ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;<br><br>(ബി) വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | വൈക്കം നിയോജക മണ്ഡലത്തിലെ ബ്രഹ്മമംഗലം പി.എച്ച്.സി.യെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഇവിടെ ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികയും സ്റ്റാഫ് നേഴ്സ് ഗ്രേഡ് II ന്റെ രണ്ട് തസ്തികയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇവിടത്തെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട്, പഞ്ചായത്ത് ഫണ്ട്, എൻ.എച്ച്.എം.ഫണ്ട് എന്നിവ മുഖേന മൊത്തം 25.98 ലക്ഷം രൂപ അനുവദിച്ചു നൽകുകയും തുടർ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഡിജിറ്റൽ എക്സ്റേ മെഷീനും 1,32,00,000/- രൂപ മുതൽ മുടക്കി 5 യൂണിറ്റോടു കൂടിയ ഡയാലിസിസ് കേന്ദ്രവും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വൈക്കം താലൂക്കാശുപത്രിയിൽ സർജറി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ 17.01.2019 ലെ ജി.ഒ.(ആർ.റ്റി.) നം.99/2019/ആ.കു.വ എന്ന ഉത്തരവു പ്രകാരം വൈക്കം താലൂക്കാശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 9537 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി അനുവദിക്കപ്പെട്ട ഫണ്ടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | വൈക്കം താലൂക്കാശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2012-13 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 280 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയാതെ വന്നതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 85 ലക്ഷം രൂപ കൂടി അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു. ടി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 9537 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മിക്കുന്നതിനായി അനുവദിക്കപ്പെട്ട ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വൈക്കം താലൂക്കാശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ താഴത്തെ നിലയും ഒന്നാമത്തെ നിലയുമായി 880 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും രണ്ട്, മൂന്ന്, നാല് നിലകൾക്കായി നബാർഡു വഴി 24 കോടി രൂപയും അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ